## മുഖ്യമന്ത്രിയുടെ വീഡിയോ കോൺഫെറൻസിൻറെ മിനിറ്റ്സ്

### 2020 മാർച്ച് 14

### കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേരുകൾ അനുബന്ധം 1 ആയി ചേർക്കുന്നു

യോഗം 4 മണിക്ക് ആരംഭിച്ചു

മുഖ്യമന്ത്രി വിഷയം അവതരിപ്പിച്ച ശേഷം താഴെപറയുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചു

1. **വീടുകളിലെ നിരീക്ഷണം**

- വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവർക്ക് വേണ്ട മാർഗ നിർദേശങ്ങൾ , ചെയ്യേണ്ടതും അരുതാത്തതും കൃത്യമായി പറഞ്ഞു കൊടുക്കേണ്ടതാണ്.
- ഇവരുടെ പട്ടിക തയ്യാറാക്കി അവർക്ക് ആത്മവിശ്വാസം നൽകുന്ന രീതിയിൽ അവരുടെ ഗ്രഹ നിരീക്ഷണം ഉറപ്പു വരുത്തണം.
- വീടുകളിൽ അവർ പാലിക്കേണ്ട കാര്യങ്ങളെ പറ്റി ആരോഗ്യ വകുപ്പ്അവരെ ബോധാവാന്മാരാക്കേണ്ടതുണ്ട് .
- മാർഗനിർദേശങ്ങൾരേഖയായി തന്നെ അവർക്ക് നൽകണം. എല്ലാ ദിവസവുംആരോഗ്യ്പ്രവർവത്തകർ അവരുടെ ഭവനം സന്ദർശിക്കണം.
- പോലീസുകാരും വീടുകൾ സന്ദർശിക്കണം. പ്രാദേശിക വോളന്റിയർമാർ പാലിയേറ്റീവ് വോളന്റിയർമാർ എന്നിവരെയും ഇതിനുപയോഗിക്കാം.
- വീടുകളിൽ എന്തെങ്കിലുംപ്രശ്നങ്ങളുണ്ടോ എന്ന് ഇവർ മനസ്സിലാക്കണം.
- വോളന്റീർ മാരെ പരിശീലിപ്പിക്കാൻ അതാതു ജില്ലകളിലെ ഡോക്ടർമാരെ ഉപയോഗിച്ച് ജില്ലാ കളക്ടര്മാർ ഉറപ്പു വരുത്തേണ്ടതാണ്.

ചുമതല:

അഡിഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്, ഡി ജി പി, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് , ജില്ലാ കലക്ടർമാർ, എസ് പി മാർ

2. **വിമാനത്താവള നിരീക്ഷണം**

- വിമാനത്താവള പരിശോധന പൂർണമായി എന്ന് പറയാനാവില്ല . കൂടുതൽ മികച്ച ക്രമീകരണം ഉണ്ടാക്കണം.
- വിമാനത്താവളത്തിലും പോലീസ് സാന്നിധ്യം ഉണ്ടാകണം. എസ് പി യുടെ നേതൃത്വത്തിൽ ഒരു ടീം അവിടെ ഉണ്ടാകണം. കൂടുതൽ ആരോഗ്യ പ്രവർത്തകരെയും വിന്യസിക്കണം.
- തിങ്കളാഴ്ച്ച 3 മണിക്ക് എല്ലാ വിമാനതാവളവുമായി വീഡിയോ കോൺഫറൻസ് നടത്തും .
- തിരുവനന്തപുരം വിമാനത്താവളം അധികൃതർ ഇവിടെ വരണം, കോഴിക്കോട് വിമാനത്താവളം അധികൃതർ മലപ്പുറം കലക്ടെറെറ്റിൽ നിന്നും യോഗത്തിൽ പങ്കെടുക്കണം. ഇമിഗ്രേഷൻ കസ്റ്റംസ് അധികൃതരും പങ്കെടുക്കേണ്ടതാണ്.
- വിമാനതാവളത്തിനടുത്ത് താമസിപ്പിക്കാൻ കൊറോണ കെയർ സെന്ററുകൾ കണ്ടെത്തണം. അവിടെ അവശ്യ സംവിധാനങ്ങൾ എല്ലാം ഉണ്ടാകണം.അവിടെ കഴിയുന്നവർക്ക് പരാതികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ആവശ്യമെങ്കിൽ ഹോട്ടൽ കളെ എടുക്കാവുന്നതാണ്.

- കൊറോണ കെയർ സെന്റെറുകളിൽ നിരീക്ഷണത്തിലുള്ളവരുടെ വിവരങ്ങൾ അടുത്ത സ്ഥലത്തെ മെഡിക്കൽ ഓഫീസറെ അറിയിക്കേണ്ടതാണ്.

ചുമതല:

അഡീഷണൽ ചീഫ് സെക്രട്ടറി–ആഭ്യന്തര വകുപ്പ്, ഡി ജി പി, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് , ജില്ലാ കലക്ടർമാർ, എസ് പി മാർ

3. റയിൽവേ

- മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ (പാലക്കാട്, കാസറഗോഡ്, കൊല്ലം , തിരുവനന്തപുരം) ട്രെയിൻ കേരളത്തിലേക്ക് കടന്നു ആദ്യത്തെ സ്റ്റേഷനിൽ എല്ലാ ബോഗികളിലെയും യാത്രക്കാരെ മുഴുവൻ പരിശോധിക്കണം.
- അവിടെയും ഒരു ഡി വൈഎസ്പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഇത് ഏല്പിക്കുന്നു.
- ഒരു ടീമിൽ ഒരു പാര മെഡിക്കൽ ജീവനകാരൻ, ഒരു പോലീസ്കാരൻ , ഒരു വോളന്റീർ എന്നിവർ ഉണ്ടാകണം.
- ട്രെയിൻ നിർത്തുന്നതിനു മുൻപ് തന്നെ യാത്രക്കാർക്ക് പല ഭാഷകളിൽ മൊബൈൽ മെസ്സേജ് വഴി കാര്യങ്ങൾ ധരിപ്പിക്കും.
- രോഗലക്ഷണങ്ങൾ ഉണ്ട് എന്ന് കണ്ടെത്തുന്നവരെ പ്രോട്ടോകോൾ പ്രകാരം ആശുപത്രിയിലേക്ക് മാറ്റും .
- എല്ലാ പ്രധാനപെട്ട റെയിൽവേ സ്റ്റേഷനിലും പരിശോധന ഉണ്ടാകണം.

ചുമതല:

അഡീഷണൽ ചീഫ് സെക്രട്ടറി–ആഭ്യന്തര വകുപ്പ്, ഡി ജി പി, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്, റെയിൽവേ ഡിവിഷണൽ മാനേജർ , ജില്ലാ കലക്ടർമാർ, എസ് പി മാർ

4. **റോഡുകളിലെ അതിർത്തി നിരീക്ഷണം**

- റോഡിൽ പരിശോധന 24 സ്ഥലങ്ങളിൽ പോലീസുകാരെ ഉപയോഗിച്ച് കർശനമാക്കും .
- ഡി വൈഎസ്പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഇത് ഏല്പിക്കുന്നു. പരിഭ്രാന്തി സൃഷ്ടിക്കാൻ പാടില്ല .

ചുമതല:

അഡീഷണൽ ചീഫ് സെക്രട്ടറി–ആഭ്യന്തര വകുപ്പ്, ഡി ജി പി, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്, , ജില്ലാ കലക്ടർമാർ, എസ് പി മാർ

5. നാളെ ഞായറാഴ്ചയായതിനാൽ അതിഥി തൊഴിലാളി ക്യാമ്പുകളിൽ എത്തി അവരുടെ ഭാഷയിൽ ബോധവല്കരിക്കാൻ ജില്ലാ കളക്ടർമാരോട് നിഷ്കർഷിച്ചിട്ടുണ്ട്. അവരുടെ വാസ സ്ഥലങ്ങളുടെ ശുചിത്വം ഉറപ്പാക്കണം .

ചുമതല:

അഡീഷണൽ ചീഫ് സെക്രട്ടറി–ആഭ്യന്തര വകുപ്പ്, ഡി ജി പി, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് , ജില്ലാ കളക്ടർമാർ, എസ് പി മാർ

6. പൊതു സ്ഥലങ്ങൾ

- പൊതുസ്ഥലങ്ങളിൽ ആൾക്കൂട്ടങ്ങളിൽ നില്കുന്നത് ഒഴിവാക്കണം .
- പൊതു സ്ഥലങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതാണ് .
- ആള്ക്കൂട്ടങ്ങളുടെ കൂടിച്ചേരലുകളും സമ്മേളനങ്ങളും ഒഴിവാക്കണം .

ചുമതല:

ജില്ലാ കളക്ടർമാർ, എസ് പി മാർ

## 7. ആശുപത്രികൾ

- മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കേണ്ടതാണ് .
- എല്ലാ ദിവസവും അവലോകന യോഗം നടത്തണം.
- എല്ലാ ജീവനക്കാരുടെയും ലീവ് ക്യാൻസൽ ചെയ്തു റിപ്പോർട്ട് ചെയ്യണം .

ചുമതല:

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് , ജില്ലാ കളക്ടർമാർ, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാർ

## 8. കെ എസ് ആർ ടി സി ബസ്സ്കൾ വൃത്തിയാക്കണം .

## 9. മീഡിയ

- പ്രോടോകോൾ പാലിക്കണം.
- ദിവസത്തിൽ ഒരു സമയം മാത്രം മീഡിയ വിവരങ്ങൾ നൽകുന്നത് തുടരണം .
- നോഡൽ ആൾക്കാർ മാത്രമേ മീഡിയയോടു സംസാരിക്കാൻ പാടുള്ളൂ .

തുടർന്ന് വിശദമായ ചർച്ച നടന്നു

ഓരോ ജില്ലാ കളക് ടർമാരായി അവരുടെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു.

- കാസറഗോഡ് -മംഗലാപുരം വിമാനത്താവളത്തിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നില്ല . ഇത് ലഭിക്കാൻ ഇടപെടാം എന്ന് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞു.
- കണ്ണൂർ , വയനാട് കോഴിക്കോട് ജില്ല കലക്ടർമാർ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നെന്നു അറിയിച്ചു . എന്നാൽ കോഴിക്കോട് ജില്ലയിൽ വിവരങ്ങൾ കൃത്യമായി ലഭിക്കുന്നില്ല എന്നും അറിയിച്ചു .
- പാലക്കാട് ജില്ലയിൽ വെന്റിലേട്ടർ അടിയന്തിരമായി വേണമെന്ന് അവർ അറിയിച്ചു . മുഖ്യമന്ത്രി അതിവേണ്ട നടപടികൾ എടുക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദേശിച്ചു .
- മലപ്പുറം ജില്ലയിൽ കൂടുതൽ ആരോഗ്യ പ്രവർത്തകരെ ആവശ്യമുണ്ടെന്നു അറിയിച്ചപ്പോൾ, ഉള്ള ജീവനക്കാരെ പുന ക്രമീകരിക്കാൻ ജില്ലയോട് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപെട്ടു. ഇനിയും ആവശ്യം ഉണ്ടെങ്കിൽ ജില്ലയോട് ആവശ്യപെടാനും പറഞ്ഞു .
- തൃശ്ശൂർ ജില്ലയിൽ വ്യക്തി സുരക്ഷാ ഉപകരണങ്ങൾ കുറവാണെന്നറിയിച്ചു. മെഡിക്കൽ സർവീസസ്സ് കോർപറെഷൻ വഴി ലഭ്യമാക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു .
- എറണാകുളം ജില്ലയിൽ ടെസ്റ്റിംഗ് കേന്ദ്രം ആവശ്യമാണെന്ന് അവർ അറിയിച്ചു. എന്നാൽ തൃശ്ശൂർ ജില്ലയിലെ ക്രമീകരണം ഐ സി എം ആർ പരിഗണനയിലാണന്നു പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു .

- ഇടുക്കി ജില്ലയിൽ റിസോർട്ട് ഉടമകളുടെ മീറ്റിംഗ് നടത്തുമെന്ന് കലക്ടർ അറിയിച്ചു . നിർദേശങ്ങൾ കൊടുക്കാമെന്നും പറഞ്ഞു .
- കോട്ടയത്ത് നിരീക്ഷണത്തിൽ ഉള്ളവർക്ക് മാഗസിനുകളും പുസ്തകങ്ങളും നൽകിയെന്ന് കലക്ടർ അറിയിച്ചു .
- ആലപ്പുഴ ജില്ലയിൽ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നെന്നു കലക്ടർ അറിയിച്ചു .
- പത്തനംതിട്ടയിൽ മതപരമായ കൂടിചേരലുകൾ ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു . സബരിമാലയിൽ വേണ്ട ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട് .
- കൊല്ലം ജില്ലയിൽ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നെന്നു കലക്ടർ അറിയിച്ചു .
- തിരുവനന്തപുരം ജില്ലയിൽ വാമനപുരം കോപറെറ്റീവ് ബാങ്ക് തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടെന്ന് അറിയിച്ചു . പ്രോടോകോൾ പാലിക്കാനും വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്താനും മുഖ്യമന്ത്രി നിർദേശിച്ചു .

5 മണിക്ക് മീറ്റിംഗ് അവസാനിച്ചു .

## അനുബന്ധം 1

<u>അദ്ധ്യക്ഷൻ</u>: ബഹു. മുഖ്യമന്ത്രി

<u>പങ്കെടുത്തവർ:</u>

1. ആരോഗ്യ സാമൂഹിക നീതി വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. ഡി ജി പി
4. അഡീഷണൽ ഡി ജി പി ആസ്ഥാന കാര്യാലയം
5. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
6. മുഖ്യമന്ത്രിയുടെ സെക്രട്ടറി
7. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
10. ചീഫ് സെക്രട്ടറിയുടെ സ്ടാഫ് സെക്രട്ടറി
11. എല്ലാ ജില്ലയിലെയും ജില്ലാ കലക്ടർമാർ
12. എല്ലാ ജില്ലയിലെയും എസ് പി മാർ
13. എല്ലാ ജില്ലയിലെയും ജില്ല മെഡിക്കൽ ഓഫീസർമാർ
14. എല്ലാ ജില്ലയിലെയും ജില്ല പഞ്ചായത്ത് പ്രെസിഡന്റ്മാർ
15. മെമ്പർ സെക്രട്ടറി , ദുരന്ത നിവാരണ അതോറിറ്റി
16. ഡയറക്ടർ, തിരുവനന്തപുരം വിമാനത്താവളം
17. റെയിൽവേ ഡിവിഷണൽ മാനേജർ
18. മറ്റുള്ളവർ

15/3

16/3